പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2704      13.03.2020 ൽ മറുപടിക്ക്

## സംസ്ഥാനത്തിന്റെ റെയിൽവേ വികസനത്തോടുള്ള കേന്ദ്ര അവഗണന

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.വി.വിജയദാസ്<br>,, ഒ. ആർ. കേളു<br>,, സി.കൃഷ്ണൻ<br>,, പി.ടി.എ. റഹീം | | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | വന്യമൃഗങ്ങളുടെ സഞ്ചാര സ്വാതന്ത്ര്യത്തിന്റെ പേരിൽ ദേശീയപാതയിലൂടെയുള്ള സംസ്ഥാനാന്തര സഞ്ചാര സ്വാതന്ത്ര്യത്തിന് കർണാടക സംസ്ഥാനം വിലങ്ങിടുന്ന സാഹചര്യത്തിൽ വർദ്ധിത പ്രാധാന്യം നേടിയ നിലമ്പൂർ- നഞ്ചൻകോട്, തലശ്ശേരി മൈസൂർ റെയിൽപാതകൾ അനുവദിക്കണ മെന്നതുൾപ്പെടെയുള്ള സംസ്ഥാനത്തിന്റെ റെയിൽവേ വികസന ആവശ്യങ്ങളോട് കാണിക്കുന്ന അവഗണന അവസാനിപ്പിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ; | (എ) യും (ബി) യും | തലശ്ശേരി - മൈസ്സൂർ റെയിൽ പാത, നിലമ്പൂർ - നഞ്ചൻഗുഡ് റെയിൽ പാത പദ്ധതികളെ സംബന്ധിച്ച് വിശദമായ പദ്ധതി റിപ്പോർട്ട് റെയിൽവേ മന്ത്രാലയത്തി-ന് സമർപ്പിക്കുന്നതിനാവശ്യമായ പഠനം പുരോഗമന ഘട്ടത്തിലാണ്.<br>ചെന്നൈ ആസ്ഥാനമായി മാത്രം സോണൽ ഓഫീസ് ഉള്ളതിനാൽ കേരളത്തിന്റെ പ്രധാന റെയിൽവേ പദ്ധ-തികൾ ദീർഘകാലമായി നീണ്ടു പോകുന്ന സാഹചര്യ-ത്തിൽ കേരളത്തിന് മാത്രമായൊരു റെയിൽവേ സോൺ, ആവശ്യപ്പെട്ടിട്ടുണ്ട്. യഥാകാലം പദ്ധതികൾ നടപ്പിലാക്കുന്നതിനായി സതേൺ റെയിൽവേയുടെ തിരു-വനന്തപുരം - പാലക്കാട് ഡിവിഷനുകളെ ചേർത്ത് എറ-ണാകുളം ആസ്ഥാനമായി ഒരു പെനിൻസുലാർ സോൺ രൂപീകരിക്കുന്ന വിഷയവും കേന്ദ്ര സർക്കാരിന് മുമ്പാകെ ഉന്നയിച്ചിട്ടുണ്ട്. എന്നാൽ ഒരു പ്രത്യേക സോൺ രൂപ-വൽകരിക്കാനുള്ള സ്ഥിതി വിശേഷം ഇപ്പോൾ ഇല്ല എന്ന തീരുമാനമാണ് കേന്ദ്രസർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടുള്ളത്. അനുകൂല നിലപാട് കൈക്കൊള്ളണമെ-ന്ന് അവശ്യപ്പെട്ട് കേന്ദ്ര റെയിൽവേ മന്ത്രിക്ക് കത്ത് അയച്ചിട്ടുണ്ട്. അനുകൂല തീരുമാനം പ്രതീക്ഷിക്കുന്നു. |
| (ബി) | ബജറ്റിൽ ദക്ഷിണ റെയിൽവേയ്ക്ക് ആകെ 8859 കോടി രൂപ വകയിരുത്തിയിട്ടും യാത്രാ ടിക്കറ്റിനത്തിലും ചരക്കുകടത്ത് കൂലിയിനത്തിലും വലിയ തുക സമാഹരിക്കുന്ന സംസ്ഥാനത്തെ വിവിധ റെയിൽവേ വികസന പദ്ധതികൾക്ക് അർഹമായ പരിഗണന ലഭിക്കാതെ പോയതിന്റെ കാരണം സംസ്ഥാനത്ത് റെയിൽവേ സോണിന്റെ അഭാവമാണെന്നതിനാൽ അതിനായി സമ്മർദ്ദം ചെലുത്തുമോ; | | |

| | | | |
|---|---|---|---|
| (സി) | ജില്ലാ കേന്ദ്രങ്ങളിലേതുൾപ്പെടെയുള്ള പ്രധാന റെയിൽവേ സ്റ്റേഷനുകളുടെ നിലവാരം ഉയർത്തണമെന്നും നേമം, കൊച്ചുവേളി ടെർമിനലുകൾ യാഥാർത്ഥ്യമാക്കണമെന്നുമുള്ള ആവശ്യത്തോട് റെയിൽവേയുടെ നിലപാട് അറിയിക്കാമോ? | (സി) | പി.പി.പി മോഡൽ വഴിയായി രാജ്യത്തെ റെയിൽവെ സ്റ്റേഷനുകൾ പുനർ വികസിപ്പിക്കുന്ന പദ്ധതിയിൽ കേരളത്തിലെ 21 റെയിൽവേ സ്റ്റേഷനുകൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട കോഴിക്കോട് റെയിൽവെ സ്റ്റേഷന്റെ നവീകരണത്തിനായി തത്വത്തിൽ അംഗീകാരം നൽകണമെന്നും, റെയിൽവെ ആവശ്യപ്പെട്ടത് അനുസരിച്ച് കോഴിക്കോട് റെയിൽവെ സ്റ്റേഷനെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്ന പുനർ വികസനത്തിന് തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. പ്രസ്തുത പദ്ധതിയ്ക്കായി കോഓർഡിനേറ്റിംഗ് ഓഫീസറെയും പാർട്ട്നേഴ്സിനെയും തിരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ വർക്കല-ശിവഗിരി റെയിൽവെ സ്റ്റേഷൻ വികസനം വിവിധ് കോർപ്പറേഷനും ഇന്ത്യൻ റെയിൽവെ സ്റ്റേഷൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡും (IRSDC) സംയുക്തമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തിരുവനന്തപുരം, കോഴിക്കോട് റെയിൽവേ സ്റ്റേഷനുകൾക്ക് പുറമേ പാലക്കാട് ഡിവിഷന് കീഴിലുള്ള 11 റെയിൽവേ സ്റ്റേഷനുകൾക്ക് ISO 14001:2015 സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ട്. തിരുവനന്തപുരം ഡിവിഷനു കീഴിലുള്ള 16 റെയിൽവേ സ്റ്റേഷനുകളിലും, പാലക്കാട് ഡിവിഷനു കീഴിലുള്ള 4 റെയിൽവേ സ്റ്റേഷനുകളിലും ISO സർട്ടിഫിക്കേഷൻ ലഭിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.<br>2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ നേമം ടെർമിനൽ പദ്ധതിക്ക് 50 കോടി രൂപയും, കൊച്ചുവേളി രണ്ടാം ടെർമിനൽ പദ്ധതിക്ക് ഏകദേശം 50 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ